## ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം – യു.കെ.യിൽ നഴ്സുമാർക്ക് ജോലിക്കൊപ്പം ഒരു സർട്ടിഫിക്കറ്റും കരസ്ഥമാക്കാം.

- നഴ്സുമാർക്ക് യു.കെ.യിലെ നാഷണൽ ഹെൽത്ത് സർവ്വീസിന്റെ (NHS) കീഴിലുള്ള വിവിധ ആശുപത്രികളിൽ തൊഴിൽ നേടുന്നതിനോടൊപ്പം മൂന്നുവർഷത്തെ കാലാവധി പൂർത്തിയാക്കുമ്പോൾ ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റും കരസ്ഥമാക്കാൻ അവസരമൊരുക്കുന്ന ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം (GLP) എന്ന പദ്ധതിയുടെ നടത്തിപ്പിനായി ഹെൽത് എഡ്യൂക്കേഷൻ ഇംഗ്ലണ്ടും (HEE) കേരള സർക്കാർ സ്ഥാപനമായ ഒഡെപെകും തമ്മിൽ ധാരണയായിട്ടുണ്ട്. സർക്കാർ സർവ്വീസിലുള്ള നഴ്സുമാർക്ക് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ 3 വർഷത്തെ LWA അനുവദിച്ചു കൊണ്ട് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യമേഖലകളിലുള്ളവർക്കും അപേക്ഷിക്കാം.

- നഴ്സിംഗിൽ ഡിപ്ലോമ(GNM)യോ ഡിഗ്രി (BSC-Nursing)യോ നേടിയതും അംഗീകൃത നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുശേഷം 6 മാസത്തെയെങ്കിലും പ്രവൃത്തി പരിചയം ഉള്ളതുമായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്. പ്രത്യേക പ്രായപരിധിയോ ലിംഗഭേദമോ ഇല്ല. ഒരു വർഷത്തിലേറെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നവർ വീണ്ടും 6 മാസത്തെ ക്ലിനിക്കൽ പ്രവൃത്തിപരിചയം നേടിയതിനുശേഷമേ ഈ പദ്ധതിയിൽ പങ്കെടുക്കാൻ കഴിയൂ.

- മേൽ പറഞ്ഞ യോഗ്യതകൾ കൂടാതെ IELTS /OET യോഗ്യത കൂടി നേടേണ്ടതുണ്ട്. IELTS പരീക്ഷയിൽ ലിസണിംഗ്, റീഡിംഗ്, സ്പീക്കിംഗ് എന്നീ മൊഡ്യൂളുകളിൽ 7.0, റൈറ്റിംഗിൽ 6.5 എന്നിങ്ങനെയാണ് ആവശ്യമായ സ്കോർ. IELTSനു പകരം OET യിൽ ലിസണിംഗ്, റീഡിംഗ്, സ്പീക്കിംഗ്, റൈറ്റിംഗ് എന്നിങ്ങനെ എല്ലാ മൊഡ്യൂളുകളിലും B ഗ്രേഡ് നേടിയാലും മതി. **IELTS /OET യോഗ്യത നേടിയവർക്ക് NHS ന്റെ കീഴിലുള്ള ആശുപത്രികളിലേക്ക് ഉടനെ തന്നെ ഇന്റർവ്യൂ നടത്തുന്നതായിരിക്കും.**

- ഇപ്പോൾ IELTS /OET പരീക്ഷയിൽ നിശ്ചിത സ്കോർ നേടിയിട്ടില്ലാത്തവർ ODEPC നടത്തുന്ന ഇംഗ്ലീഷ് സ്ക്രീനിംഗ് ടെസ്റ്റിൽ വിജയിച്ചാൽ മൂന്നുമാസത്തെ IELTS ട്രെയിനിംഗിൽ പങ്കെടുക്കാം. കൃത്യമായി പരിശീലിച്ചാൽ 1 മുതൽ 3 മാസം കൊണ്ടുതന്നെ IELTS പരീക്ഷയ്ക്ക് നിശ്ചിത സ്കോർ നേടുന്നതിന് ഉതകുന്ന രീതിയിലാണ് പരിശീലനം ഒരുക്കുന്നത്.

- IELTS /OET പരീക്ഷയിൽ നിശ്ചിത സ്കോർ നേടിക്കഴിഞ്ഞാൽ NMC രജിസ്ട്രേഷന്റെ ഭാഗമായ CBT പരീക്ഷയിൽ വിജയിക്കുന്നതിനുള്ള പരിശീലനവും ODEPC തന്നെ നൽകുന്നതായിരിക്കും. CBTപാസാകുന്ന ഉദ്യോഗാർത്ഥികൾക്ക് NMC Registration ന്റെ ഭാഗമായ പേപ്പർവർക്കുകൾ പൂർത്തിയാക്കുന്നതിനും വിസാ നടപടികൾ പൂർത്തിയാക്കുന്നതിനും ODEPC സൗകര്യമൊരുക്കും. വിസ ലഭ്യമാകുന്ന മുറയ്ക്ക് യാത്രയ്ക്ക് ആവശ്യമായ ടിക്കറ്റ്, എയർപോർട്ടിൽ നിന്നുള്ള സ്വീകരണം, 3 മാസത്തെ സൗജന്യ താമസം, തുടങ്ങിയ സഹായങ്ങൾ ഒരുക്കുന്നത് NHS ആയിരിക്കും.

- U.K യിൽ എത്തുന്ന നഴ്സുമാർ ഹെൽത്ത്കെയർ അസിസ്റ്റന്റ് എന്ന നിലയിൽ **Band 3- ശമ്പളത്തിലായിരിക്കും ആദ്യം ജോലിയിൽ പ്രവേശിക്കുന്നത്**. NMC Registration പൂർത്തിയാക്കുന്നതിനായി OSCE (Objective Structured Clinical Examination) പരീക്ഷ വിജയിക്കേണ്ടതുണ്ട്. ഇതിനുള്ള പരിശീലനവും NHS തന്നെ ഒരുക്കും. **OSCE പാസാകുന്നവർക്ക് Band 5 ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും.** സാധാരണഗതിയിൽ U.K യിൽ എത്തുന്ന മുഴുവൻ നഴ്സുമാരും 8 മാസം കൊണ്ട് തന്നെ OSCE പാസാകാറുണ്ട്. മൂന്ന് തവണ OSCE പരീക്ഷ എഴുതാവുന്നതാണ്.

- **ഒ.ഡി.ഇ.പി.സി വഴിയുള്ള നിയമനം തികച്ചും സൗജന്യമാണ്.**

**Website: www.odepc.kerala.gov.in**
**Phone: 0471-2329441 / 42/ 43/45**
**Email: glp@odepc.in**